## 2010 ഫെബ്രുവരി 21

# ഗർബോ ഞായർ

# വലിയനോമ്പിലെ രണ്ടാം ഞായർ

## മർക്കോ 1:40–45

ഫാ. മാത്യു പി. ഫ്രാൻസിസ്

നോമ്പുകാലം ആത്മശരീരങ്ങളുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുന്ന കാലമാണല്ലോ. സൗഖ്യദായകനായ ക്രിസ്തുവിന്റെ സ്പർശനത്തിനായ് നാം നമ്മെ സമർപ്പിക്കുവാനും ക്രിസ്തുവിന്റെ അടയാളങ്ങൾ നമ്മുടെ ജീവിതത്തിലനുഭവിച്ചറിയുവാനും സഭ പ്രത്യേകമായ് നമ്മോടാഹ്വാനം ചെയ്യുന്നു. നോമ്പിലെ രണ്ടാം ഞായറാഴ്ചയായ ഇന്ന് യേശുവിന്റെ സ്പർശനത്താൽ ഒരു കുഷ്ഠരോഗിക്ക് ലഭിക്കുന്ന സൗഖ്യമാണ് ചിന്താവിഷയം. വി. മർക്കോസിന്റെ സുവിശേഷം പലസ്തീനക്കാരല്ലാത്ത വിജാതീയ ക്രിസ്ത്യാനികൾക്കുവേണ്ടി എഴുതപ്പെട്ടിട്ടുള്ളതാണ്. യേശുവിന്റെ ജീവിതത്തിന്റെ മാധുര്യം കൂടുതൽ അനുഭവിച്ചിട്ടുള്ളതും ക്രിസ്തുവിനെ തിരിച്ചറിയുവാൻ സന്മനസ്സു കാട്ടിയിട്ടുള്ളതും പലപ്പോഴും വിജാതീയരാണ്. സൗഖ്യങ്ങളൊക്കെ വെളിപ്പെടുത്തിയത് ക്രിസ്തു ആരെന്നായിരുന്നു. ദൈരാജ്യത്തിന്റെ വ്യാപനം അഥവാ രക്ഷയുടെ നിറവ് എന്നുപറയുന്നത് ക്രിസ്തുവിനെ പൂർണ്ണമായും അനുഭവിച്ചറിയുന്ന അവസ്ഥയാണ്. സുവിശേഷകൻ വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നതും ഇക്കാര്യം തന്നെയാണ്.

മർക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ മൂന്നു പ്രവൃത്തികൾ വിവരിക്കുന്നു. 22–28 വരെ അശുദ്ധാത്മാവിനെ ശാസിച്ച് അതിന്റെ ബാധയുള്ളവനെ സ്വതന്ത്രനാക്കുന്നു. 29–34 വരെ ശിമയോന്റെ അമ്മായിയമ്മയുടെ പനിയെ ശാസിച്ചു അകറ്റുന്നതും ശാരീരികവും മാനസികവുമായ രോഗങ്ങൾ ഉള്ള അനേകരെ സുഖപ്പെടുത്തുന്നതും വായിക്കുന്നു. 40–45 വരെ കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നതും കാണുന്നു. ഈ പ്രവർത്തികൾക്കിടയിൽ ക്രിസ്തുവിന്റെ ശക്തിസ്വീകരിക്കൽ നടക്കുന്നത് നിശബ്ദമായ പ്രാർത്ഥയുടെ അവസരത്തിലുമാണ് (1:36). എല്ലാ അത്ഭുതങ്ങളും സംഭവിക്കുന്നത് പ്രാർത്ഥനയുടെ തണലിൽ പരിശുദ്ധാത്മാവ് നിറയുമ്പോഴാണ്.

ആത്മാർത്ഥമായ മനസ്സോടെ കർത്താവിനെ സമീപിക്കുന്നവർക്ക് അതിന്റെ ഫലം അനുഭവിക്കുവാൻ കഴിയുന്നു. കുഷ്ഠരോഗി പൂർണമനസ്സോടെയാണ് കർത്താവിന്റെ കനവിനായി കടന്നുചെല്ലുന്നത്; തത്ഫലമായി അയാൾക്ക് സൗഖ്യവും ലഭിക്കുന്നു. 1 യോഹ 5:14 –ൽ നാം വായിക്കുന്നു "അവന്റെ ഇഷ്ടത്തിനനുസൃതമായി എന്തെങ്കിലും ചോദിച്ചാൽ അവിടുന്ന് നമ്മുടെ അപേക്ഷ കേൾക്കും എന്നതാണ് നമുക്ക് അവനിലുള്ള ഉറപ്പ്. നമ്മുടെ അപേക്ഷ അവിടുന്ന് കേൾക്കുന്നെന്നു നമുക്കറിയാമെങ്കിൽ നാം ചോദിച്ചത് കിട്ടിക്കഴിഞ്ഞു എന്നു നമുക്കറിയാം." ആയതിനാൽ സൗഖ്യത്തിനുള്ള ഒന്നാമത്തെ വ്യവസ്ഥ ഇതാണ്, നാം കർത്താവിന്റെ ഇഷ്ടം തേടുന്നവരാകണം. നമ്മുടെ ജീവിതാവസ്ഥകൾ ഏതുമായിക്കൊള്ളട്ടെ ദൈവം നമ്മുടെമേൽ പ്രവർത്തിക്കുവാൻ നാം നമ്മെ അവിടുത്തേക്ക് വിട്ടുകൊടുക്കണം. സങ്കീർത്തനം 145:19–ൽ "തന്റെ ഭക്തരുടെ ആഗ്രഹം അവിടുന്നു സഫലമാക്കുന്നു. അവിടുന്ന് അവരുടെ നിലവിളി കേട്ട് അവരെ രക്ഷിക്കുന്നു."

മനുഷ്യൻ പലപ്പോഴും തിരിച്ചറിവുകൾ നഷ്ടപ്പെട്ടവരായിത്തീരാറുണ്ട്. കുഷ്ഠരോഗത്തിന്റെ അവസ്ഥയെന്നത് ശരീരത്തിന്റെ സംവേദനശേഷി നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയാണ്. ദൈവാനുഭവം നഷ്ടപ്പെടുമ്പോൾ ഒന്നിനെയും തിരിച്ചറിയുവാൻ കഴിയാതെവരികയും ഒറ്റപ്പെട്ടും മറ്റുള്ളവരാൽ മാറ്റിനിർത്തപ്പെട്ടും ജീർണതകളിലേക്ക് മനുഷ്യൻ കടന്നുപോകും. ക്രിസ്തുവിന്റെ സൗഖ്യസ്പർശനംകൊണ്ട് നമുക്ക് നഷ്ടപ്പെട്ടുപോയ സംവേദനശേഷി വീണ്ടെടുക്കാം. നോമ്പിൽ നമുക്ക് ക്രിസ്തുവിന്റെ സന്നി

ധിയിലേക്ക് കടന്നുവന്നു മുട്ടുകുത്തി സൗഖ്യത്തിനായ് പ്രാർത്ഥിക്കാം. വിശ്വാസത്തോടുകൂടി ചോദിക്കുന്നതും പ്രാർത്ഥിക്കുന്നതും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നു. പലപ്പോഴും നാം അവിടുത്തോട് ചോദിക്കാൻ മറക്കുന്നു. യോഹ 16:24-ൽ "ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല". ചോദിച്ചാൽ അധികം തരുന്നവനാണ് (എഫേ 3:20) ദൈവമെന്ന് തിരിച്ചറിയുക.

നാം ദൈവസന്നിധിയിൽ നന്ദിയുള്ളവരായിരിക്കണം. ഏത് അവസ്ഥയിലും നാം ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കണം. കർത്താവ് സകലതും നമ്മുടെ നന്മയ്ക്കായിട്ട് (റോമ 8:28) മാത്രം അനുവദിക്കുന്നുവെന്ന് വിശ്വസിക്കുക. പരീക്ഷകളെ സമചിത്തതയോടെ നേരിടുന്നവർക്കു മാത്രമേ നീതിയുടെ കിരീടം ലഭിക്കുവാൻ സാധിക്കുകയുള്ളു. യാക്കോബ് ശ്ലീഹാ പറയുന്നു, "പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ. എന്തെന്നാൽ അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും." (1:12). സൗഖ്യങ്ങൾക്ക് അടിസ്ഥാനം അചഞ്ചലമായ വിശ്വാസമാണ്.

ക്രിസ്തുവിന്റെ മനസ്സറിയുന്നവരാകണം നാം. അവന്റെ മനസ്സറിയണമെങ്കിൽ നാം സമ്പൂർണ്ണ സമർപ്പണം നടത്തുന്നവരാകണം. കുഷ്ഠരോഗിക്ക് സൗഖ്യം കിട്ടിയത് ഇതിനാലാണ്. തനിക്കു മുന്നിലുള്ള എല്ലാ വാതിലുകളും അടഞ്ഞു; സമൂഹം ഭ്രഷ്ട് കല്പിച്ച് മാറ്റി നിർത്തി; ശരണമറ്റു നിന്ന അയാൾക്ക് ക്രിസ്തുമാത്രമായിരുന്നു ഏക അവലംബം. അയാൾ ക്രിസ്തുവിന്റെ കരങ്ങളിൽ വിശ്വാസത്തോടെ ഇറുകെപ്പിടിച്ച് പ്രഘോഷിച്ചു, എനിക്ക് പൂർണ്ണ ഉറപ്പുണ്ട് നിനക്കു സൗഖ്യം തരാനാകുമെന്ന്. അയാളുടെ തീവ്രമായ വിശ്വാസത്തിനുമുമ്പിൽ ക്രിസ്തുവിന്റെ മനസ്സലിഞ്ഞു. ആ നിമിഷം അയാൾ സൗഖ്യത്തിലേക്ക് വരുന്നു. ആരും തൊടാത്ത ഒരാളെ ക്രിസ്തു തൊട്ടു. എല്ലാ വിരൂപതകളും മാറി അയാൾ ശുദ്ധി പ്രാപിച്ചു. ക്രിസ്തു സ്പർശിക്കുകയെന്ന് പറഞ്ഞാൽ പരിശുദ്ധാത്മാവ് നിറയുക എന്നാണ്. എല്ലാ വിരൂപതകളും മാറണമെങ്കിൽ നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിറയണം.

അവസാനമായി ക്രിസ്തു കുഷ്ടരോഗിയോട് പറയുന്നു, "നീ പോയി പുരോഹിതന് നിന്നെ കാണിച്ചുകൊടുക്കുക." സൗഖ്യം പ്രാപിച്ചവരൊക്കെ തുടർന്നും ഉള്ളിലുള്ള പരിശുദ്ധാത്മാവിനെ ഉജ്ജ്വലിപ്പിച്ച് നിറുത്തണം. ഇതാകട്ടെ സഭയിലൂടെയാണ് നടക്കുന്നത്. സഭാ സമ്പർക്കത്തിലൂടെ വൈദിക ബന്ധത്തിലൂടെ അഥവാ കൂദാശ സ്വീകരണത്തിലൂടെ മാത്രമേ നടക്കൂ. ദൈവവചനവും കൂദാശകളും നമ്മെ എപ്പോഴും സൗഖ്യത്തിലേക്ക് നയിച്ചുകൊണ്ടിരിക്കും. ആയതിനാൽ നാം സജീവമായ മനുഷ്യനായി ജീവിക്കുവാനും ക്രിസ്തു ആഹ്വാനം ചെയ്യുന്നു.

മർക്കോസിന്റെ സുവിശേഷത്തിൽ പലയിടത്തും, ശരീരത്തിന് സുഖം കിട്ടിയവരേയും മനസ്സിനു സുഖം കിട്ടിയവരെയുംകുറിച്ച് നാം വായിക്കുന്നു. ഈ നോമ്പ് നമ്മെ സംബന്ധിച്ചും സൗഖ്യത്തിന്റെ കാലമായിത്തീരട്ടെ. പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കാൻ നാം അനുവദിക്കുക. ക്രിസ്തു സ്പർശിക്കുവാൻ തക്കവിധമുള്ള "അകലത്തിലേക്ക്" നാം പ്രവേശിക്കുക. പൂർണ്ണ മനസ്സോടെ ക്രിസ്തുവിന്റെ മനസ്സിനായി കാത്തിരിക്കാം. മറ്റുള്ളവരുടെ വേദനകൾ തിരിച്ചറിയുന്നവരാകുവാൻ കൂടുതൽ സംവേദനക്ഷമതയുള്ളവരായിത്തീരാം. പാപത്താൽ നാം ഇത്രനാളും നമ്മിൽനിന്നും സമൂഹത്തിൽനിന്നും അകന്ന് നിന്നിരുന്നുവെങ്കിൽ അനുരഞ്ജനത്തിലൂടെ പൂർണ്ണസൗഖ്യത്തിന്റെ സൗന്ദര്യത്തിലേക്ക് നമുക്കീ നോമ്പിൽ കടന്നുവരാം.